# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/490/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 27/05/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (എയിംസിൽ)
2)അസി.ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ),കണ്ണൂർ, ( ഇ മെയിൽ വഴി)
3) കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/490/22 തീയ്യതി: 27/05/2022

## കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 05-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 20-01-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വിനോദ് കെ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 25-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-03-2022 | 25-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ. മനോജ്കുമാർ ടി ജോർജ് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
2)ശ്രീ.ഗണേശൻ കേളോത്ത് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
3) ശ്രീമതി വനജ മാടത്താൻകണ്ടി (സീനിയർ ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വസന്തകുമാരി ടി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സുനിൽ കുമാർ കെ.എം. | സെക്രട്ടറി | 01-04-2019 | 10-10-2019 |
| ശ്രീമതി മീരാബായ് പി.പി. | സെക്രട്ടറി | 11-10-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബു കൊയിലേരിയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. പി.വി. അനിൽകുമാർ | അസ്സിസ്റ്റന്റ് എഞ്ചിനീയർ, | 01-04-2019 | 31-03-2020 |
| ശ്രീ.കെ.കുര്യൻ അബ്രഹാം | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 01-04-2019 | 31-03-2020 |
| ശ്രീ. സജീവ് കുമാർ പി..ആർ | ഡയറി ഡവലപ്മെന്റ് ഓഫീസർ | 01-04-2019 | 29-06-2019 |
| ശ്രീമതി. ടിങ്കിൾ മാത്യൂ | ഡയറി ഡവലപ്മെന്റ് ഓഫീസർ | 30-06-2019 | 29-08-2019 |
| ശ്രീമതി. ഷൈമ ജെ | ഡയറി ഡവലപ്മെന്റ് ഓഫീസർ | 30-08-2019 | 18-09-2019 |
| ശ്രീമതി. ബീന സുധാകർ | ഡയറി ഡവലപ്മെന്റ് ഓഫീസർ | 19-09-2019 | 27-09-2019 |
| ശ്രീമതി. ടിങ്കിൾ മാത്യൂ | ഡയറി ഡവലപ്മെന്റ് ഓഫീസർ | 28-09-2019 | 31-03-2020 |
| ശ്രീ. അനിൽ വർക്കി | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 01-03-2020 |
| ശ്രീ. മുജീബ് റഹ്മാൻ | സീനിയർ വെറ്ററിനറി സർജൻ | 02-03-2020 | 31-03-2020 |
| ശ്രീ.ബോബി മാത്യൂസ് | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 02-07-2019 |
| ശ്രീ.കെ.വി. വിജയൻ | പട്ടിക ജാതി വികസന ഓഫീസർ | 03-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ..ജിനു | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീജാ വി | സി.ഡി.പി.ഒ. ഇരിക്കൂർ | 01-04-2019 | 20-07-2019 |
| ശ്രീമതി സുശീല എസ് | സി.ഡി.പി.ഒ. ഇരിക്കൂർ | 21-07-2019 | 31-03-2020 |
| ശ്രീമതി. നന്ദിനി കെ | സി.ഡി.പി.ഒ. ഇരിക്കൂർ അഡീഷണൽ | 01-04-2019 | 31-01-2020 |
| ശ്രീമതി ഷീജാ വി | സി.ഡി.പി.ഒ. ഇരിക്കൂർ അഡീഷണൽ | 01-02-2020 | 05-03-2020 |
| ശ്രീമതി. നന്ദിനി കെ | സി.ഡി.പി.ഒ. ഇരിക്കൂർ അഡീഷണൽ | 06-03-2020 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Manoj Kumar.T.George (Asst. Audit Officer, On 23-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ganesan Keloth (Asst. Audit Officer, On 09-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Ganesan Keloth (Asst. Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ganesan Keloth (Asst. Audit Officer, On 09-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Ganesan Keloth (Asst. Audit Officer, On 09-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-05-2022) | 1-5 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-05-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-7 |
| 9 | പെരുവളത്തുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളുടെ വാടക ഈടാക്കിയത് - രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-8 |
| 10 | ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - ₹3086 അധികം നൽകി.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-9 |
| 11 | ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനത്തിൽ പ്രോജക്ട് നിർവ്വഹണം-ചെലവ് തുക ₹169416 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-05-2022) | 1-10 |
| 12 | ശുചിത്വ സന്ദേശ ബോർഡ് പൂർത്തീകരണം - രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-04-2022) | 1-11 |
| 13 | 2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹ 1783045/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-12 |
| 14 | വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയ പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-13 |

| | | |
|---|---|---|
| 15 | 2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ഗ്രാമ പഞ്ചായത്തുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും വിഹിതം നൽകൽ - കൈപ്പറ്റ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാ ക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-14 |
| 16 | ഓൺലൈൻ റികിസിഷന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-15 |
| 17 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ (സ്വിൽ ഓവർ)- രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-04-2022) | 1-16 |
| 18 | വെറ്റിനറി പോളിക്ലിനിക്ക്, ചെമ്പന്തൊട്ടിയിലേക്ക് ഡെസ്ക് ടോപ്പ്, ലാപ്ടോപ്പ് കമ്പ്യൂട്ടറുകളും യു പി എസ്സും വാങ്ങൽ - അധികം നൽകിയ. ₹1433 തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-05-2022) | 1-17 |
| 19 | മൃഗ സംരക്ഷണ മേഖലയിലെ സംരഭകർക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ - തിരിച്ചടവിന്റെ രേഖകൾ ലഭ്യമാക്കിയില്ല- ₹ 48,000 തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-05-2022) | 1-18 |
| 20 | വെറ്റിനറി പോളിക്ലിനിക്ക്, ചെമ്പന്തൊട്ടിയിലേക്ക് ഫർണിച്ചർ വാങ്ങൽ - ഫർണിച്ചർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-05-2022) | 1-19 |
| 21 | ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യമൊരുക്കൽ- 783276/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Ganesan Keloth (Asst. Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-05-2022) | 1-20 |
| 22 | വാഹന റിപ്പയർ- ക്വട്ടേഷൻ വിളിയ്ക്കാതെ ചെലവ് ചെയ്തു.47910 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-05-2022) | 1-21 |
| 23 | ലോഗ് ബുക്ക് ഹാജരാക്കിയില്ല. 170127 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-22 |
| 24 | പത്ര പരസ്യം ഡിസ്കൗണ്ട് - ലഭിച്ചില്ല<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-23 |
| 25 | വിനിയോഗിക്കാത്ത തുക തിരിച്ചടയ്ക്കേണ്ടതാണ്.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-05-2022) | 1-24 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Ganesan Keloth (Asst. Audit Officer, On 09-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-05-2022) | 4-1 |
| 2 | . സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ganesan Keloth (Asst. Audit Officer, On 03-04-2022)<br>Last Updated By: Ganesan Keloth (Asst. Audit Officer, On 03-04-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Manoj Kumar.T.George (Asst. Audit Officer, On 02-04-2022)<br>Last Updated By: Manoj Kumar.T.George (Asst. Audit Officer, On 02-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manoj Kumar.T.George (Asst. Audit Officer, On 02-04-2022)<br>Last Updated By: Manoj Kumar.T.George (Asst. Audit Officer, On 02-04-2022) | 4-4 |
| 5 | വായ്പ,വായ്പ തിരിച്ചടവ്<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ചുള്ള വിവരം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manoj Kumar.T.George (Asst. Audit Officer, On 19-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-04-2022) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകൾ സംബന്ധിച്ചുള്ള വിവരം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022)<br>Last Updated By: Manoj Kumar.T.George (Asst. Audit Officer, On 27-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 04-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 12-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് , റിവൈസ്ഡ് ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | 2019-20 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ / തീയ്യതി | 1/2 തീയ്യതി4-02-2019 | 1/2/ തീയ്യതി 09-12-2019 |
| മുന്നിരിപ്പ് | ഇല്ല. | 52521275 |
| വരവ് | 120640840 | 141971600 |
| ആകെ | 120640840 | 194492875 |
| ചെലവ് | 115201290 | 139422050 |
| നീക്കിയിരിപ്പ് | 5439550 | 55070825 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 01.07.2020 | തിരിച്ചയച്ചിട്ടില്ല |

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.06.2020 തീയതിയിലെ 2/20 നമ്പർ തീരുമാന പ്രകാരമാണ് വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1) വിവിധ ഫണ്ടുകളിലെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയും എ സി ആറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമനം | ഫണ്ടിനം | വാർഷിക ധനകാര്യപത്രിക I -6 പ്രകാരം | വാർഷിക ധനകാര്യപത്രിക RP-7 പ്രകാരം | എ സി ആർ പ്രകാരം | സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരം |
|---|---|---|---|---|---|
| 1 | വികസനഫണ്ട് ജനറൽ | 42789406 | 43414724 | 44204981 | 43314724 |
| 2 | വികസനഫണ്ട് ടി എസ് പി | 2623372 | 2623372 | 3043161 | 2623372 |
| 3 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 5028278 | 4493000 | 5030429 | 5028278 |

2) വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3)2018-19 വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂളിൽ Secured Loan എന്ന ശീർഷകത്തിൽ 675208/-രൂപയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2019-20 വർഷം ലോൺ എടുക്കാതിരിക്കെ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂളിൽ 1226756 രൂപ വരാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല.

4) വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B-7 പ്രകാരം 852236/- രൂപ ഡെപ്പോസിറ്റായിട്ടുണ്ട്. ആയതിന്റെ വാർഷിക സംക്ഷിപ്തം തയ്യാറാക്കി,സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5.ആസ്തി സംബന്ധിച്ച് മുന്നിരിപ്പ്,തൻവർഷം ആർജിച്ചത്,നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| ക്രമനം | ഇനം | മുന്നിരിപ്പ് (B-11, 2018-19) | തൻവർഷം ആർജിച്ചത് (RP-38, 2019-20) | ആകെ | നീക്കിയിരിപ്പ് (B-11, 2019-20 | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | Movable Furniture Etc | 4129566 | 490872 | 4620438 | 5314752 | 694314 |
| 2 | Building Others | 17523584 | 2046415 | 19569999 | 20868137 | (1298138) |

വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

6) വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B-18 പ്രകാരം 411106/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല

7) കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം, ആസ്തികളുടെ തേയ്മാനം എന്നിവയുടെ കൃത്യത പരിശോധിക്കാനായില്ല.

8) ഇൻകം & എക്സ്പെന്റിച്ചർ I-17 ഷെഡ്യൂളിൽ താഴെ കൊടുത്ത ഇനങ്ങളുടെ ഡിപ്രീസിയേഷൻ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

| ഇനം | 2018-19 (B-11 പ്രകാരം) | 2019-20 (B-11 പ്രകാരം) | 2019-20 ൽ Depreciation ഇനത്തിൽ കണക്കാക്കിയ തുക |
|---|---|---|---|
| Accumulated Depreciation-Buildings | 1339044 | 1365824 | 26780 |
| Accumulated Depreciation-Roads & Bridges | 17023677 | 17193914 | 170237 |
| Accumulated Depreciation-vehicles | 404302 | 444732 | 4043 |

9. വാടക രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഈയിനത്തിലെ ഡിമാന്റ് പിരിവ് എന്നിവ പരിശോധിക്കാനായില്ല.

10. ഇ ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

11. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ സബന്ധിച്ച കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 52340853 |
| വരവ് | 67437193 |
| ആകെ | 119778046 |
| ചെലവ് | 100158073 |
| നീക്കിയിരിപ്പ് | 19619973 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം – ഓഡിറ്റിൽ അംഗീകരി ക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 2,95,3774 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 55939000 | 55939000 | 43414724 | 12524276 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4011000 | 4011000 | 3815522 | 195478 |
| വികസന ഫണ്ട്-ടി എസ് പി | 0 | 3205400 | 3205400 | 2623372 | 582028 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7311000 | 7311000 | 5028278 | 2282722 |
| ടി എസ് സി | 8602 | 190107 | 198709 | 198551 | 158 |
| ഐ ഡബ്ല്യ എം പി | 6516424 | 4790326 | 11306750 | 9095995 | 2210755 |
| സംയുക്ത വിഹിതം (ഗ്രാമപഞ്ചായത്ത്-റവന്യൂ) | 21503655 | 265500 | 21769135 | 12622177 | 9146958 |
| സംയുക്ത വിഹിതം (ജില്ല പഞ്ചായത്ത്) | 23019222 | 0 | 23019222 | 15819222 | 7200000 |
| പ്രത്യേക ഗ്രാന്റ് – കേന്ദ്ര ഗവൺമെന്റ് | 0 | 50000 | 50000 | 0 | 50000 |

സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങൾ മാനദണ്ഡങ്ങൾക്കനുസരിച്ച് യഥാസമയം വിനിയോഗിക്കാനും അവശേഷിക്കുന്ന തുക തിരിച്ചടക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

29-01-2018ലെ സ.ഉ. (കൈ) നമ്പർ 11/2018/ത.സ്വ.ഭ.വ. നമ്പറായുള്ള പദ്ധതി മാർഗ രേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങളുടെ രൂപീകരണം, നിർവഹണം എന്നിവ സംബന്ധിച്ചുള്ള സംക്ഷിപ്ത അവലോകനം താഴെ ചേർക്കുന്നു.

ബ്ലോക്ക് ഗ്രാമസഭ

പതിമൂന്നാം പദ്ധതി മാർഗ രേഖയിൽ നിർദ്ദേശിച്ചതു പ്രകാരം 2019-20 വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ബ്ലോക്ക് ഗ്രാമ സഭാ യോഗം 13-11-2018നാണ് ചേർന്നത്. 71 പേർ യോഗത്തിൽ പങ്കെടുത്തു. ചർച്ചയുടെ വിശദാംശങ്ങൾ മിനിട്ട്സിൽ ചേർത്തു കാണുന്നില്ല.

വികസന സെമിനാർ

2019-20 വർഷത്തെ പദ്ധതി രൂപീകരണത്തിനു വേണ്ടിയുള്ള ബ്ലോക്ക് വികസന സെമിനാർ 4-12-2018ന് നടന്നു.104പേർ പങ്കെടുത്തു.

അവസ്ഥാ രേഖ

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് 2019-20 വർഷത്തിൽസമഗ്രമായ അവസ്ഥാ രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അന്തിമ പദ്ധതി രേഖ

മാർഗ രേഖ ഖ.3.3.3ൽ നിർദ്ദേശിച്ച പ്രകാരം 10 അദ്ധ്യായങ്ങളുള്ള പദ്ധതി രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2019-20 | 190 | 121 | 44 | 69 | 63.68 |

പദ്ധതി നിർവഹണം നിർവഹണ ഉദ്യോഗസ്ഥരുടെ അടിസ്ഥാനത്തിൽ

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 39 | 27 | 32296153 | 18784865 | 73.98 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | 1 | 1 | 490000 | 394248 | 80.46 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 103 | 51 | 47067709 | 23390874 | 50.93 |
| 4 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 5 | 5 | 3277777 | 1232310 | 80.33 |
| 5 | ഡയറി ഡവലപ്മെന്റ് ഓഫീസർ | 9 | 8 | 6390364 | 2742360 | 42.91 |
| 6 | പട്ടിക ജാതി വികസന ഓഫീസർ | 9 | 8 | 2650313 | 1761130 | 66.45 |
| 7 | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 100000 | 0 | 0 |
| 8 | സി.ഡി.പി.ഒ ഇരിക്കൂർ | 7 | 5 | 1942943 | 1347500 | 69.35 |
| 9 | സി.ഡി.പി.ഒ ഇരിക്കൂർ അഡീഷണൽ | 9 | 9 | 3040843 | 2812364 | 9.48 |
| 10 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 7 | 7 | 4009900 | 3549350 | 85.51 |
| | ആകെ | 190 | 121 | 111751572 | 56182130 | 61.22 |

പദ്ധതികൾ മേഖലാടിസ്ഥാനത്തിൽ

(I)പൊതു വിഭാഗം

| ക്രമ നമ്പർ | മേഖല | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | ഉത്പാദനം | 44 | 21 | 23271968 | 8945403 | 38.44 |
| 2 | സേവനം | 80 | 62 | 60420385 | 31842720 | 52.70 |
| 3 | പശ്ചാത്തലം | 48 | 26 | 18161700 | 8955113 | 49.31 |
| | ആകെ | 172 | 109 | 101854053 | 49743236 | 48.84 |

(II) പട്ടിക ജാതി വിഭാഗം

| ക്രമ നമ്പർ | മേഖല | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | ഉത്പാദനം | - | - | - | - | - |
| 2 | സേവനം | 8 | 7 | 4031042 | 3045096 | 75.54 |
| 3 | പശ്ചാത്തലം | 3 | 2 | 865813 | 770426 | 88.98 |
| | ആകെ | 11 | 9 | 4896855 | 3815522 | 77.92 |

(Iii) പട്ടിക വർഗ വിഭാഗം

| ക്രമ നമ്പർ | മേഖല | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | ഉത്പാദനം | - | - | - | - | - |
| 2 | സേവനം | 5 | 3 | 4083453 | 2573372 | 63.01 |
| 3 | പശ്ചാത്തലം | 2 | 1 | 917211 | 50000 | 5.45 |
| | ആകെ | 7 | 4 | 5000664 | 2623372 | 52 |

വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി രൂപീകരണം സംബന്ധിച്ച് ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും പദ്ധതികൾ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചത് സംബന്ധിച്ചുള്ള ചർച്ചകൾ നടന്നതായി കാണുന്നില്ല.

ഉത്പാദന മേഖലയിൽ നാല്പതു ശതമാനത്തിൽ താഴെ മാത്രമേ പഞ്ചായത്തിന് പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളു.ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മാർഗരേഖ ഖണ്ഡിക 3.1.2. (13)ൽ നിർദ്ദേശിച്ചു പ്രകാരം പ്രോജക്ടുകൾ ഫല പ്രദമായി മോണിറ്റർ ചെയ്യുന്ന സംവിധാനം കൂടിയായി വർക്കിംഗ് ഗ്രൂപ്പുകൾ മാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-03-2022ന് ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു .

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

പ്രതിമാസ കാര്യാലയ യോഗങ്ങൾ ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ട്.ജോലി വിഭജന രേഖ ഉൾക്കൊള്ളുന്ന ഓഫീസ് ഓർഡർ ബുക്ക് സൂക്ഷിച്ചിട്ടുണ്ടെങ്കിലും 3-11-2006 ലെ45776/പി.എ.3/06ത.സ്വ.ഭ.വ.നമ്പർ സർക്കാർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച എച്ച്-1/13880/06തിയതി 18-01-2007 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം ഓരോ ജീവനക്കാരനും ഉത്തരവാദിത്തങ്ങളിൽ കൃത്യവിലോപമോ വീഴ്ചയോ വരുത്തിയാലുള്ള ഭവിഷ്യത്തുകൾ,ബാധ്യതകൾ എന്തൊക്കെയാണെന്നു സംബന്ധിച്ചുള്ള വിവരങ്ങൾ സംബന്ധിച്ച് ഓഫീസ് ഉത്തരവുകളിൽ പരാമർശിക്കുന്നതായി കാണുന്നില്ല.

## 1-8 പെരുവള്ളുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളുടെ വാടക ഈടാക്കിയത് - രേഖകൾ ലഭ്യമാക്കിയില്ല.

2019-20 വർഷത്തെ പെരുവള്ളുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളുടെ വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | റൂം നമ്പർ, വാടകക്കാരന്റെ പേര് | റൂം വാടക | കുടിശ്ശിക |
|---|---|---|---|
| 1 | ഓഫീസ് കാന്റീൻ | 5/19 വരെ 400 | 1/20 , 2/20, 3/20 |

| | | | |
|---|---|---|---|
| | | 6/19 മുതൽ 420 | |
| 2 | മയ്യിൽ റൈസ് പ്രൊഡ്യൂസേർസ് ഏജൻസി | 2100 | 3/20 |
| 3 | IP 1 269 ജമാൽ പൂവല്ലോരകത്ത് | 5/19 വരെ 1700<br>6/19 മുതൽ 1785 | 2/20, 3/20 |
| 4 | ജെ ജെ ഹെർബൽസ് | 5/19 വരെ 4325<br>6/19 മുതൽ 4541 | - |
| 5 | S ബിൽഡ് ഓൺ, ഇ കെ സുധീർ | 7750 | 6/19 മുതൽ ഇല്ല |
| 6 | അഗ്രോ സർവ്വീസ് സൊസൈറ്റി | 1225 | 16-03-20 ന് ₹ 4339 ഒടുക്കിയിട്ടുണ്ടെങ്കിലും ഏത് മാസങ്ങളിലേതാണെന്ന് വ്യക്തമല്ല |

പെരുവളത്തുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളുടെ വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പെരുവളത്തുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റിൽ ആകെ എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും ഇതിൽ എത്ര എണ്ണം വാടകയ്ക്ക് കൊടുത്തിട്ടുണ്ടെന്നും ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമല്ല (കെട്ടിട നമ്പരും ഓരോ കെട്ടിടത്തിലെ വാടകക്കാരന്റെ വിവരങ്ങളും രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല)

2. 2019-20 വർഷം വാടകക്ക് കൊടുത്ത കെട്ടിടങ്ങളുടെയും അവയുടെ കൈവശക്കാരുടെയും നാളിതുവരെ ഒടുക്കിയ വാടകയുടെയും കുടിശ്ശികയുടെയും വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല.

3. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 03-05-2019 ലെ 9/3 നമ്പർ തീരുമാനപ്രകാരം പെരുവളത്തുപറമ്പ് മിനി വ്യവസായ എസ്റ്റേറ്റിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന മുറികളിൽ 3 വർഷം പൂർത്തിയാക്കിയ എല്ലാ വാടകക്കാരുടെയും പ്രതിമാസ വാടക 2019 ജൂൺ മാസം മുതൽ നിലവിലെ വാടകയുടെ 5% വർദ്ധിപ്പിക്കാനും ആയതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചിരുന്നു. ഇതു പ്രകാരം
3 വർഷം പൂർത്തിയാക്കിയ എല്ലാ വാടകക്കാരുടെയും പ്രതിമാസ വാടക 2019 ജൂൺ മാസം മുതൽ നിലവിലെ വാടകയുടെ 5% വർദ്ധിപ്പിച്ചിരുന്നോ എന്ന് വ്യക്തമല്ല. 3 വർഷം പൂർത്തിയാക്കിയ മുഴുവൻ പേരിൽ നിന്നും വർദ്ധിപ്പിച്ച നിരക്കിൽ വാടക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4. വാടക രജിസ്റ്ററിൽ 2019-20 വർഷത്തെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാടകയിനത്തിലെ വരവും കുടിശ്ശികയും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ബൈലായിലെ 19-ാം നമ്പർ വ്യവസ്ഥ പ്രകാരം മുറി അനുവദിക്കപ്പെട്ട ആൾ പ്രതിമാസ വാടക അതാതുമാസം 5-ാംതീയതിക്കകം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഒടുക്കുന്നതിനും വീഴ്ച വരുത്തിയാൽ പണം അടക്കുന്ന തീയതി വരെയുള്ള കാലത്തേക്ക് 18% പിഴ ഈടാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം വീഴ്ച വരുത്തുന്നവരിൽ നിന്നും പിഴ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/25-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയിനത്തിൽ നാളിതുവരെ ഈടാക്കാൻ ബാക്കിയുള്ള മുഴുവൻ തുകയും കുടിശ്ശികയടക്കം

ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-9 ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - ₹3086 അധികം നൽകി.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ, പേര് | 196//20, ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹ 1,00,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹ 80258, 56/19-20, 26-02-20 |

ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിൽ രണ്ടു കമ്പ്യൂട്ടറും, ഒരു സ്കാനർ ഉള്ള വിവിധ ഉപയോഗ പ്രിന്ററും വാങ്ങുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി മേല്പറഞ്ഞ പ്രകാരം ₹ 80258 പിൻവലിച്ച് കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 'ഏസറി'ന്റെ PYSI 20015035, തീയതി 17-08-20 നമ്പർ ഇൻവോയ്സ് അനുസരിച്ച് ₹ 77172 യുടെ 2 യൂണിറ്റ് ഉപകരണങ്ങൾ മേൽ തുക ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിന് സ്പെസിഫിക്കേഷൻ നിശ്ചയിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2. 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങാനാണ് തുക കൈമാറിയത്. എന്നാൽ ഏസർ ലഭ്യമാക്കിയ കമ്പ്യൂട്ടറുകൾ ഡെസ്ക്ടോപ്പ് ആണോ ലാപ്ടോപ്പ് ആണോ എന്നു വ്യക്തമല്ല.

3. കമ്പ്യൂട്ടറുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4. കേരള സ്റ്റേറ്റ് ഐ ടി മിഷന് ₹80258 കൈമാറിയിട്ടുണ്ടെങ്കിലും ₹77172 വിലയുള്ള കമ്പ്യൂട്ടറുകളാണ് ഏസർ കമ്പനി ലഭ്യമാക്കിയിട്ടുള്ളത്. കേരള സ്റ്റേറ്റ് ഐ ടി മിഷന് ₹3086 അധികം കൊടുത്തിട്ടുണ്ട്.

5. കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്തതിന്റെയും സ്ഥാപിച്ചതിന്റെയും രേഖകൾ ലഭ്യമല്ല.

4. പ്രോജക്റ്റിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ചതിന്റെയും അധികം നൽകിയ ₹3086 തിരികെ ഈടാക്കിയതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-10 ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനത്തിൽ പ്രോജക്റ്റ് നിർവ്വഹണം-ചെലവ് തുക ₹169416 തടസ്സപ്പെടുത്തുന്നു.

കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ 172-ാം വകുപ്പ്, നാലാം പട്ടിക എന്നിവയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പട്ടികയിൽ പരാമർശിക്കാത്ത, ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പെടാത്തതും, ശ്രീകണ്ഠാപുരം നഗരസഭയുടെ പരിധിയിൽ പെടുന്നതുമായ ചെമ്പന്തൊട്ടി വെറ്റിനറി പോളി ക്ലിനിക്കിൽ ചുവടെ കൊടുത്ത പ്രോജക്റ്റുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ സീനിയർ വെറ്റിനറി സർജൻ തുക ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ, പേര് | അടങ്കൽ | ചെലവ്, ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | 44/20, വെറ്റിനറി പോളി ക്ലിനിക്, ചെമ്പന്തൊട്ടിയിലേക്ക് മരുന്ന് വാങ്ങൽ | ₹30000 സംരക്ഷണ ഫണ്ട്, | ₹ 30000, 24/19-20, 30-03-20 |

| | | | |
|---|---|---|---|
| | | റോഡിതരം | |
| 2 | 56/20, വെറ്റിനറി പോളി ക്ലിനിക് ചെമ്പന്തൊട്ടിയിൽ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും ലാപ്ടോപ്പ് കമ്പ്യൂട്ടറും യു പി എസും വാങ്ങൽ | ₹98000 സംരക്ഷണ ഫണ്ട്, റോഡിതരം | ₹56331<br>₹53681, 13/19-20, 10-10-19<br>₹2650, 20/19-20, 3-2-20 |
| 3 | 58/20, വെറ്റിനറി പോളി ക്ലിനിക്, ചെമ്പന്തൊട്ടിയിലേക്ക് ഫർണിച്ചർ വാങ്ങൽ | ₹52000 സംരക്ഷണ ഫണ്ട്, റോഡിതരം | ₹49211<br>19/19-20, 28-01-20 |
| 4 | 62/20, വെറ്റിനറി പോളി ക്ലിനിക് ചെമ്പന്തൊട്ടിയുടെ ദൈനംദിന ചെലവുകൾക്കുള്ള തുകവകയിരുത്തൽ | ₹65000 സംരക്ഷണ ഫണ്ട്, റോഡിതരം | ₹33874<br>26/19-20, 28-07-19 |

2019-20വർഷം സീനിയർ വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് വെറ്റിനറി പോളിക്ലിനിക്, ചെമ്പന്തൊട്ടി സ്ഥിതി ചെയ്യുന്ന തദ്ദേശ ഭരണ സ്ഥാപനം ഏതാണെന്നും പോളിക്ലിനിക് ബ്ലോക്ക്പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനമാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കുന്നതിനും പോളിക്ലിനിക് മറ്റൊരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ ആണെങ്കിൽ പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് ലഭിച്ച അനുമതി പത്രം, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തീരുമാനം നമ്പർ എന്നിവ ഹാജരാക്കുന്നതിനും 2019-20 വർഷം സീനിയർ വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകളിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 8 ഗ്രാമപഞ്ചായത്തുകൾക്കും പ്രയോജനം ലഭിച്ചിരുന്നോ എന്നും അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/24-03-22) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ഹാജരാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനത്തിലാണ് ചെലവ് നടത്തിയതെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹169416/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-11 ശുചിത്വ സന്ദേശ ബോർഡ് പൂർത്തീകരണം - രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 194/20, ശുചിത്വ സന്ദേശ ബോർഡ് പൂർത്തീകരണം |
| അടങ്കൽ | ₹ 35,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്,ബിൽ നമ്പർ, തീയതി | ₹34,500 ; 57/19-20, 26-02-20 |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിച്ച് പൊതുജനങ്ങളിൽ ശുചിത്വ സന്ദേശം എത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ട് നിർവ്വഹണത്തിനായി സെക്രട്ടറി ക്വട്ടേഷൻ ക്ഷണിച്ചിരുന്നുവെങ്കിലും (നമ്പർ D-1972/19, തീ. 02-01-20) ഇതിൽ സ്ഥാപിക്കുന്ന ബോർഡുകളുടെ സ്പെസിഫിക്കേഷൻ, ബോർഡിൽ എഴുതേണ്ട സന്ദേശം എന്നിവ വ്യക്തമാക്കിയിട്ടില്ല.

2. 3 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചവെങ്കിലും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത RBM അസോസിയേറ്റ്സ്, എടയന്നൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചിട്ടുള്ളത്. സ്ഥാപനങ്ങൾ നൽകിയ ക്വട്ടേഷനുകളിലും ബോർഡിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. സ്പെസിഫിക്കേഷൻ നിശ്ചയിക്കാതെ റേറ്റ് കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല.

3. 6 ബോർഡുകൾ തയ്യാറാക്കിയതിന്റെ ബിൽ RBM അസോസിയേറ്റ്സ് എന്ന സ്ഥാപനം ഹാജരാക്കിയിട്ടുണ്ടെങ്കിലും ഇവ എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്ന സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. ബോർഡുകൾ എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്ന് അതത് സ്ഥലങ്ങളിലെ വാർഡ് മെമ്പർമാരോ പഞ്ചായത്ത് സെക്രട്ടറിമാരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. അഞ്ജലി ബാബു എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് (അക്കൗണ്ട് നമ്പർ 37265389171, SBI) തുക ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടിയാരി ബാങ്ക് അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന പാസ്സ് ബുക്കിന്റെ പകർപ്പും ആധാർ കാർഡിന്റെ പകർപ്പുമടക്കം തുക ലഭിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. തുക യഥാർത്ഥ ഗുണഭോക്താവിനു തന്നെയാണോ ലഭിച്ചതെന്ന് വ്യക്തമല്ല.

5. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/23-03-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ രേഖകളും വിശദീകരണങ്ങളും ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-12 2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹ 1783045/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2019-20 വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ്, ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | 53/20, പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് | ₹200000 വികസന ഫണ്ട്, ജനറൽ | ₹ 77037, ബിൽ നമ്പർ ലഭ്യമല്ല |
| 2 | 187/20, ഐ എ വൈ ബാങ്ക് ലോൺ തിരിച്ചടവ് | ₹2604315 വികസന ഫണ്ട്, ജനറൽ | ₹1372878 27/19-20, 28-09-19 |
| 3 | 197/20, അഗതി രഹിത കേരളം | ₹202000 വികസന ഫണ്ട്, ജനറൽ | ₹202000 30/19-20, 28-09-19 |
| 4 | 198/20, ബ്ലോക്ക് ഓഫീസിൽ സി.സി. ടി വി സ്ഥാപിക്കൽ | ₹131130 വികസന ഫണ്ട്, ജനറൽ | ₹131130 26/19-20, 28-07-19 |
| | | ആകെ ചെലവ് | 1783045 |

രേഖകൾ ഹാജരാക്കാത്തതിനാൽ ₹ 1783045/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയ പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ശിശു വികസന പദ്ധതി ഓഫീസർ, ഇരിക്കൂർ അഡീഷണൽ 2019-20 വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ് തുക, ബിൽ | വിഹിതം ലഭിച്ച ഗ്രാമ |
|---|---|---|---|---|

| | | | നമ്പർ, തീ. | പഞ്ചായത്ത്, തുക |
|---|---|---|---|---|
| 1 | 47/20, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർ ഷിപ്പ് - പഞ്ചായത്ത് ഷെയർ നല്കൽ | ₹975000, വികസന ഫണ്ട്, ജനറൽ<br>₹975000, മറ്റ് ഗ്രാ. പ.<br>₹975000, മറ്റ് ജി.പ.<br>ആകെ – ₹2925000 | ₹975000, വികസന ഫണ്ട്<br>4/19-20, 29-07-19 | ഉളിക്കൽ – ₹300000<br>കുറ്റ്യാട്ടൂർ - ₹350000<br>ഇരിക്കൂർ - ₹175000<br>പടിയൂർ - ₹150000 |
| 2 | 77/20, അംഗൻവാടി കൾക്ക് പോഷകാഹാര വിഹിതം നൽകൽ | ₹400000, വികസന ഫണ്ട്, ജനറൽ<br>₹2500000, മറ്റ് ഗ്രാ. പ.<br>ആകെ – ₹2900000 | ₹ 400000 വികസന ഫണ്ട്<br>5/19-20, 29-07-19 | പടിയൂർ |
| 3 | 80/20, കുറ്റ്യാട്ടൂർ ബഡ്സ് സ്കൂൾ വിഹിതം നല്കൽ | ₹200000, വികസന ഫണ്ട്, ജനറൽ<br>₹1827000, മറ്റ് ഗ്രാ. പ.<br>ആകെ – ₹ 2027000 | ₹ 200000 വികസന ഫണ്ട്<br>6/19-20, 29-07-19 | കുറ്റ്യാട്ടൂർ |
| 4 | 78/20, ഇരിക്കൂർ ചേടിച്ചേരി അംഗൻവാടി കെട്ടിട നിർമ്മാണത്തിന് വിഹിതം നൽകൽ | ₹500000, വികസന ഫണ്ട്, ജനറൽ<br>₹1000000, മറ്റ് ഗ്രാ. പ.<br>ആകെ –₹1500000 | ₹ 400000 വികസന ഫണ്ട്<br>7/19-20, 18-10-19 | ഇരിക്കൂർ |

മേല്പറഞ്ഞ ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14 2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ഗ്രാമ പഞ്ചായത്തുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും വിഹിതം നൽകൽ - കൈപ്പറ്റ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാ ക്കിയില്ല.

2019-20 വർഷം വിവിധ പ്രോജക്ടുകളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഗ്രാമ പഞ്ചായത്തുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും പദ്ധതിവിഹിതം കൈമാറിയിട്ടുണ്ട്. വിഹിതം ലഭിച്ച സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ്, ബിൽ നമ്പർ, തീയതി | തുക ലഭിച്ച സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 63/20, കുറ്റ്യാട്ടൂർ | ₹200000 വികസന | ₹200000 10/19-20, | കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് | കൈപ്പറ്റ് രശീതി, |

| | | | | | |
|---|---|---|---|---|---|
| | ഗ്രാമ പഞ്ചായത്ത് കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ – ബ്ലോക്ക് പഞ്ചായത്ത് ഷെയർ നൽകൽ | ഫണ്ട്, ജനറൽ | 27-07-19 | | വിനിയോഗം ഇല്ല |
| 2 | 64/20, മലപ്പട്ടം ഗ്രാമ പഞ്ചായത്ത് കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ – ബ്ലോക്ക് പഞ്ചായത്ത് ഷെയർ നൽകൽ | ₹300000 വികസന ഫണ്ട്, ജനറൽ | ₹300000 10/19-20, 27-07-19 | മലപ്പട്ടം ഗ്രാമപഞ്ചായത്ത് | കൈപ്പറ്റ് രശീതി, വിനിയോഗം ഇല്ല, മലപ്പട്ടം ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് റിക്വസ്റ്റ്, അംഗീകരിച്ച പ്രോജക്ടിന്റെ കോപ്പി ഇല്ല. |
| 3 | 73/20, ജല സംരക്ഷണ പ്രവർത്തനങ്ങൾ – ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | ₹225000 വികസന ഫണ്ട്, ജനറൽ | ₹225000 29/19-20, 28-09-19 | ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് ₹25000<br>ഇരിക്കൂർ ഗ്രാമപഞ്ചായത്ത് ₹50000<br>കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് ₹150000 | കൈപ്പറ്റ് രശീതി, വിനിയോഗം ഇല്ല, കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് റിക്വസ്റ്റ്, അംഗീകരിച്ച പ്രോജക്ടിന്റെ കോപ്പി ഇല്ല. |
| 4 | 88/20, മലപ്പട്ടം ഗ്രാമ പഞ്ചായത്ത് ഗ്യാസ് ക്രിമറ്റോറിയത്തിന് ഷെയർ നൽകൽ | ₹1300000 വികസന ഫണ്ട്, ജനറൽ | ₹1300000 ₹300000, 8/19-20, 27-07-19 ₹1000000, 9/19-20, 27-07-19 | മലപ്പട്ടം ഗ്രാമപഞ്ചായത്ത് | കൈപ്പറ്റ് രശീതി, വിനിയോഗം ഇല്ല, മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് റിക്വസ്റ്റ്, അംഗീകരിച്ച പ്രോജക്ടിന്റെ കോപ്പി ഇല്ല. |
| 5 | 175/20, കുറ്റ്യാട്ടൂർ കുനിച്ചേരി കുടിവെള്ള പദ്ധതി | ₹200000 വികസന ഫണ്ട്, ജനറൽ | ₹200000 13/19-20, 14-08-19 | കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് | കൈപ്പറ്റ് രശീതി, വിനിയോഗം ഇല്ല |
| 6 | 178/20, കുറ്റ്യാട്ടൂർ പോയോളം കുളം നവീകരണം -ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | ₹300000 വികസന ഫണ്ട്, ജനറൽ | ₹300000 15/19-20, 14-08-19 | കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് | കൈപ്പറ്റ് രശീതി, വിനിയോഗം ഇല്ല |

| | | | | | |
|---|---|---|---|---|---|
| 7 | 93/20, ഗവ.പ്രൈമറി സ്കൂൾ ഹൈടെക്- ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | ₹150000 വികസന ഫണ്ട്, ജനറൽ | ₹150000 28/19-20, 28-09-19 | ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് 60000<br>ഉളിക്കൽ ഗ്രാമപഞ്ചായത്ത് 30000<br>പയ്യാവൂർ ഗ്രാമപഞ്ചായത്ത് 60000 | കൈപ്പറ്റ് രശീതി, വിനിയോഗം ഇല്ല |
| 8 | 180/20, മലപ്പട്ടം – അഡ്വർ കുളം നവീകരണം - ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | ₹300000 വികസന ഫണ്ട്, ജനറൽ | ₹300000 7/19-20, 27-07-19 | മലപ്പട്ടം ഗ്രാമപഞ്ചായത്ത് | കൈപ്പറ്റ് രശീതി, വിനിയോഗം ഇല്ല, മലപ്പട്ടം ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് റിക്വസ്റ്റ്, അംഗീകരിച്ച പ്രോജക്ടിന്റെ കോപ്പി ഇല്ല. |
| 9 | 177/20, ക്ലീൻ കേരള കമ്പനിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ | ₹ 206000 വികസന ഫണ്ട്, ജനറൽ | ₹ 206000 18/19-20, 31-08-19 | ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | കൈപ്പറ്റ് രശീതി, വിനിയോഗം ഇല്ല |
| 10 | 1/20, ഐ കെ എം ന് അടയ്ക്കേണ്ട വിഹിതം | ₹ 64758 | ₹ 64758 5/19-20, 27-07-19 | ഇൻഫർമേഷൻ കേരള മിഷൻ | കൈപ്പറ്റ് രശീതി, വിനിയോഗം ഇല്ല |
| 11 | 89/20, 2019-20 ലൈഫ് ഭവന പദ്ധതി, ഗ്രാ.പ.കൾക്ക് ഷെയർ നൽകൽ (എസ് ടി) | ₹1311000 | ₹1311000 26/19-20, 28-09-19 | ഉളിക്കൽ ഗ്രാമപഞ്ചായത്ത് | കൈപ്പറ്റ് രശീതി, വിനിയോഗം ഇല്ല |
| 12 | 54/20, പാർപ്പിട പദ്ധതി -ലൈഫ് – പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | ₹10943900 | ₹10943900<br>₹3500000, 23/19-20, 28-09-19<br>₹4000000, 24/19-20, 28-09-19<br>₹3443900, 23/19-20, 28-09-19 | ഉളിക്കൽ ഗ്രാമപഞ്ചായത്ത് | കൈപ്പറ്റ് രശീതി, വിനിയോഗം ഇല്ല |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/24-03-22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 ഓൺലൈൻ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 17/20ക്ഷീര സഹകരണ സംഘങ്ങളിലൂടെ പാലിന് സബ്സിഡി |
| അടങ്കൽ | ₹ 30,00,000 (വികസന ഫണ്ട്, ജനറൽ) |
| | ₹30,00,000 (മറ്റു ഗ്രാമ പഞ്ചായത്തുകൾ) |
| ആകെ | ₹60,00,000 |
| ചെലവ്,ബിൽ/ചെക്ക് നമ്പർ, തീയതി | ₹ 2480360, വികസന ഫണ്ട് |
| | ₹ 9,00,000, 1/19-20, 21-08-2019<br>₹ 14,85,000, 2/19-20, 30-09-2019<br>₹ 95,360 – ഓൺലൈൻ അലോട്ട്മെന്റ് |

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 33 ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് അവർ അളക്കുന്ന ഓരോ ലിറ്റർ പാലിനും പരമാവധി 4 രൂപയിൽ അധികരിക്കാതെ ₹ 40,0000 വരെ ധനസഹായം നല്കുന്നു. പ്രാഥമിക ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാലിനും ഉല്പാദകരുടെ എണ്ണത്തിനും ആനുപാതികമായി ഓരോ ഗ്രാമ പഞ്ചായത്തിനും ഫണ്ട് അനുവദിക്കുക വഴി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 8 ഗ്രാമപഞ്ചായത്തുകളിലെ ക്ഷീര കർഷകർക്കാണ് (അതത് ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകൾ അംഗീകരിച്ച് നല്കുന്ന പട്ടികയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾ)പദ്ധതിയുടെ പ്രയോജനം ലഭിക്കുക. മേൽ പ്രൊജക്ടിൽ ₹23,85,000 പിൻവലിച്ച് ഉളിക്കൽ, പടിയൂർ കല്ല്യാട്, ഏരുവേശ്ശി പയ്യാവൂർ ഗ്രാമപഞ്ചായത്തുകളുടെ ട്രഷറി അക്കൗണ്ടുകളിലേക്ക് കൈമാറിയിട്ടുണ്ട്. ബാക്കി ₹ 95,360 ഓൺലൈൻ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ അലോട്ട്മെന്റ് വഴിയാണ് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചത് (മയ്യിൽ - 37,904+18111+17341+1026ആകെ ₹74382, ഇരിക്കൂർ₹20978).തുകകൾ ഏത് പഞ്ചായത്തിനാണ് അനുവദിക്കുന്നതെന്ന് സാംഖ്യ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ പേര് ബില്ലിൽ എഴുതിച്ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. ഓൺലൈൻ അലോട്ട്മെന്റ് വഴി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ ₹ 95,360 യുടെ വിനിയോഗ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തുകൾക്ക് തുക ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ലഭ്യമല്ല. തുകയുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-16 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ (സ്വിൽ ഓവർ)- രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശു വികസന പദ്ധതി ഓഫീസർ,<br>ഇരിക്കൂർ അഡീഷണൽ |
| പ്രോജക്ട് നമ്പർ, പേര് | 120/20ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ (സ്വിൽ ഓവർ) |
| അടങ്കൽ | ₹ 4,47,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്,ബിൽ നമ്പർ, തീയതി | ₹ 4,00,000, 1/19-20, 08-05-2019 |

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം നടത്താനാണ് മേൽ പ്രോജക്ട് ലക്ഷ്യമിടുന്നത്. പ്രോജക്ട് പ്രകാരം കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ 3 പേർക്കും ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ 2 പേർക്കും കെൽട്രോണിൽ നിന്ന് വാങ്ങിയ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം നടത്തിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തുകളിൽ നിന്നും നല്കുന്ന ഗുണഭോക്തൃ ലിസ്റ്റുകളിലെ ഗുണഭോക്താക്കളിൽ നിന്നും മെഡിക്കൽ ക്യാമ്പ് വഴി മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്യുന്ന ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം നടത്താനാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. എന്നാൽ പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.2.(എ) 6 പ്രകാരം സ്കൂട്ടർ ഓടിക്കാൻ കഴിവുള്ള ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തണം. 8 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച ആളായിരിക്കരുത്. ഇപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാൻ അതതു ഗ്രാമപഞ്ചായത്തുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥ നിർദ്ദേശം നല്കിയിരുന്നു (99/18 നമ്പർ കത്ത്, തീയതി ഇല്ല). എന്നാൽ കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള അഹമ്മദ് കുന്നത്ത് കുഞ്ഞിക്കണ്ടി എന്ന ഗുണഭോക്താവ് മേൽ പരാമർശിച്ച പ്രകാരമുള്ള രണ്ടു സാക്ഷ്യപത്രങ്ങളും ഷറഫുദ്ദീൻ എന്ന ഗുണഭോക്താവ് ഡോക്ടറുടെ സാക്ഷ്യപത്രവും ഇരിക്കൂറിൽ നിന്നുള്ള ഷംസുദ്ദീൻ എം സി എന്ന ഗുണഭോക്താവ് 8 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച ആളായിരിക്കരുത് എന്ന പഞ്ചായത്ത് സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. സ്കൂട്ടർ വിതരണവുമയി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 വെറ്റിനറി പോളിക്ലിനിക്ക്, ചെമ്പതൊട്ടിയിലേക്ക് ഡെസ്ക് ടോപ്പ്, ലാപ്ടോപ്പ് കമ്പ്യൂട്ടറുകളും യു പി എസ്സും വാങ്ങൽ - അധികം നൽകിയ. ₹1433 തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 56/20, വെറ്റിനറി പോളിക്ലിനിക്ക്,<br>ചെമ്പതൊട്ടി യിലേക്ക് ഡെസ്ക് ടോപ്പ്,<br>ലാപ്ടോപ്പ് കമ്പ്യൂട്ടറുകളും യു പി എസ്സും വാങ്ങൽ |
| അടങ്കൽ | ₹ 98,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ്,ബിൽ നമ്പർ, തീയതി | ₹ 53681, 13/19-20, 10-10-19<br>₹2650, 20/19-20, 3-2-20<br>ആകെ ₹56331 |

വെറ്റിനറി പോളിക്ലിനിക്ക്, ചെമ്പതൊട്ടിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ വേഗത്തിൽ നടത്തുന്നതിനുമായി ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും, ഒരു ലാപ്ടോപ്പ് കമ്പ്യൂട്ടറും ഒരു യു പി എസ്സും വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കി യിട്ടുള്ളത്. ഇതിനായി മേല്പറഞ്ഞ പ്രകാരം ₹ 53681 (കെൽട്രോണിന്റെ TVM/I/PI/RC/ 8778/17-18, തീയതി 30-08-19 പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക) പിൻവലിച്ച് കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. കെൽട്രോണിന്റെ ITP/08383/19-20, തീയതി 20-12-19 നമ്പർ ഇൻവോയ്സ് അനുസരിച്ച് ₹ 22896 യുടെ ലാപ്ടോപ്പും എച്ച് പി സെയിൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെ J9PUB12341, തീയതി 28-12-19 നമ്പർ ഇൻവോയ്സ് പ്രകാരം ₹29,352 യുടെ ഡെസ്ക്ടോപ്പും ലോജിക് ഡാറ്റ സിസ്റ്റംസിൽ നിന്നും ₹2650 യുടെ യു.പി.എസ്സും മേൽ തുക
ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കേരള സ്റ്റേറ്റ് ഐ ടി മിഷന് ₹ 53681 കൈമാറിയിട്ടുണ്ടെങ്കിലും ₹52248 വില വരുന്ന ലാപ്ടോപ്പും ഡെസ്ക്ടോപ്പുമാണ് ലഭ്യമാക്കിയിട്ടുള്ളത്. ₹1433 അധികം കൊടുത്തിട്ടുണ്ട്.

2. ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ സ്ഥാപിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3. ലാപ്ടോപ്പ്, ഡെസ്ക് ടോപ്പ്, യു പി എസ് എന്നിവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമല്ല.

4. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/23-03-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതും അധികം നൽകിയ ₹1433 തിരികെ ഈടക്കേണ്ടതുമാണ്.

## 1-18 മൃഗ സംരക്ഷണ മേഖലയിലെ സംരഭകർക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ - തിരിച്ചടവിന്റെ രേഖകൾ ലഭ്യമാക്കിയില്ല- ₹ 48,000 തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 172/20, മൃഗ സംരക്ഷണ മേഖലയിലെ സംരഭകർക്ക് |

| | |
|---|---|
| | റിവോൾവിംഗ് ഫണ്ട് നൽകൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 50,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്,ബിൽ നമ്പർ, തീയതി | ₹ 50,000 ; 14/19-20, 22-10-19 |

സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും നൽകുന്നതിനും യുവജനങ്ങളേയും പ്രവാസികളെയും മൃഗസംരക്ഷണ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ വനിതാ സംരംഭകയായ ശ്രീമതി. വി പി ഹീജ എന്നവർക്ക് ₹ 50,000 റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. സിൻഡിക്കേറ്റ് ബാങ്കിന്റെ കുറ്റ്യാട്ടൂർ ശാഖയിലെ ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിലേക്കാണ് ₹ 50,000 ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്. തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ശ്രീമതി ഹീജയുമായി 16-11-2019 ന് ഉണ്ടാക്കിയ കരാർ ഉടമ്പടി പ്രകാരം ₹50000, 48 ഗഡുക്കളായി സീനിയർ വെറ്ററിനറി സർജൻ ചെമ്പന്തൊട്ടിയുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിലുള്ള റിവോൾവിംഗ് ഫണ്ട് റീപ്പേയ്മെന്റ് അക്കൗണ്ടിലേക്ക് തിരികെ അടക്കേണ്ടതാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് ലഭ്യമാക്കിയ റിവോൾവിംഗ് ഫണ്ട് ലഡ്ജർ, ബാങ്ക് പാസ്സ്ബുക്ക് എന്നിവ പ്രകാരം 2020 ജനുവരി, ഫിബ്രവരി മാസങ്ങളിലായി ₹1,000 വീതം മാത്രമാണ് തിരിച്ചൊടുക്കിയിട്ടുള്ളത്. നാളിതുവരെ റിവോൾവിംഗ് ഫണ്ട് ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/23-03-22) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അടക്കാൻ ബാക്കിയുള്ള ₹ 48,000 രൂപ ഇതിനോടകം അടച്ചുതീർത്തിട്ടില്ലെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്.

## 1-19 വെറ്ററിനറി പോളിക്ലിനിക്ക്, ചെമ്പന്തൊട്ടിയിലേക്ക് ഫർണിച്ചർ വാങ്ങൽ - ഫർണിച്ചർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 58/20, വെറ്ററിനറി പോളിക്ലിനിക്ക്, ചെമ്പന്തൊട്ടിയിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹ 52,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ്,ബിൽ നമ്പർ, തീയതി | ₹49,211 ; 19/19-20, 28 -01-20 |

ഫ്രണ്ട് ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുക, കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും സുരക്ഷിതമായി വയ്ക്കുക, മരുന്നും മറ്റു സാധനങ്ങളും സൂക്ഷിക്കുക, ചികിത്സക്കായി വരുന്ന മൃഗങ്ങളെ കിടത്തി പരിശോധിക്കുന്നതിനുള്ള സൗകര്യം ഒരുക്കുക എന്നീ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ₹49,211 പിൻവലിച്ച് സിഡ്കോയിൽ നിന്നും തഴെപ്പറയുന്ന ഫർണിച്ചർ വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ KNR/19-20/128, തീയതി 31-12-2019).

1. Steel Slotted Angle Rack 180 X 90 X 38 Cm, 20 Guage – 1

2. Examination Table M S With Top SS 182 X 53 X 81 – 2

3. Teak Wood Cmputer Table 90 X 60 X 75 Cm – 1

4. Teak Wood Plain Table 90 X 60 X 75 Cm – 1

ഇവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/23-03-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫർണിച്ചർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യമൊരുക്കൽ- 783276/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ 172-ാം വകുപ്പ്, നാലാം പട്ടിക എന്നിവയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് വ്യക്തമായി പരാമർശിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത പട്ടികയിൽ പരാമർശിക്കാത്ത, ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പെടാത്തതും, ശ്രീകണ്ഠാപുരം നഗരസഭയുടെ പരിധിയിൽ പെടുന്നതുമായ വെറ്ററിനറി പോളി ക്ലിനിക്കിൽ അടിസ്ഥാന സൗകര്യം ഒരുക്കി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 154/2019-20 |
| പ്രൊജക്ടിന്റെ പേര് | ചെമ്പൻതൊട്ടി |

| | |
|---|---|
| | വെറ്റിനറി പോളിക്ലിനിക്കിൽ അടിസ്ഥാന സൗകര്യവികസനം പൂർത്തീകരണം |
| അടങ്കൽ | 840000(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 783276 |
| ബിൽ നം/തീയതി | 07/2019-20 തീയതി 27.06.2019 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഓഡിറ്റ് എൻക്വയറി നം | |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ആസ്തിയിലാണ് നിർമ്മാണം നടത്തിയതെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാത്തതിനാൽ 783276 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 വാഹന റിപ്പയർ- ക്വട്ടേഷൻ വിളിയ്ക്കാതെ ചെലവ് ചെയ്തു.47910 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

30-06-2007ലെ ജി.ഒ. (എം.എസ്.) 170/2007 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുസരിച്ച് പതിനായിരം രൂപയ്ക്ക് മേൽ ചെലവ് വരുന്ന എല്ലാ വാഹന റിപ്പയർ ജോലികളും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ കമ്മിറ്റിയുടെ/കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ്. എന്നാൽ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ മയ്യിൽ സി.എച്ച്.സിയുടെ ഉടമസ്ഥതയിലുള്ള KL01AE4162 നമ്പർ ടാറ്റാ സ്പേഷോ വാഹനത്തിന്റെ റിപ്പയർ ചെലവ് ഇനത്തിൽ 47,910/ രൂപ കണ്ണൂർ പെർഫക്ട് എഞ്ചിനീയറിംഗ് വർക്ക്സ് എന്ന സ്ഥാപനത്തിന് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0069 |
| പ്രോജക്ടിന്റെ പേര് | മയ്യിൽ സി.എച്ച്.സിയിലെ അനുബന്ധ ചെലവുകൾ |
| അടങ്കൽ | 400000 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| ചെലവ് | 400000 |
| ബിൽ നമ്പർ,തീയ്യതി, ആകെ തുക | 26/19-20/15-11-2019 ആകെ തുക 53910 |
| ഇൻവോയ്സ് നമ്പർ, തീയ്യതി, ആകെ തുക | 473 /11-07-2019 തുക 47910 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ആരോഗ്യ വകുപ്പിന്റെ ഗതാഗത വിഭാഗത്തിൽ നിന്നുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് ഗവൺമെന്റ് അംഗീകൃത വർക്ക് ഷോപ്പിൽ നിന്നും നടത്തിയ പ്രവർത്തിയായതിനാൽ ക്വട്ടേഷൻ നടപടികൾ പാലിക്കേണ്ടതില്ല എന്ന ധാരണയിലാണ് ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചത് എന്നാണ്. ഇത് തൃപ്തികരമായ വിശദീകരണമല്ല. 47910/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ലോഗ് ബുക്ക് ഹാജരാക്കിയില്ല. 170127 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ ഔദ്യോഗിക വാഹനമായ KL59 4010 നമ്പർ ബൊലേറോയുടെ ലോഗ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത വാഹനത്തിന്റെ ഇന്ധന ചെലവ് ഇനത്തിൽ 2019-20വർഷം 170127 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ തീയ്യതി | തുക |
|---|---|---|
| 1 | 21900041 /07-05-2019 | 16237 |
| 2 | 21900295/7-9-2019 | 46566 |

| | | |
|---|---|---|
| 3 | 21900315/16-09-2019 | 17397 |
| 4 | 21900391/16-10-2019 | 14207 |
| 5 | 21900482/7-11-2019 | 13091 |
| 6 | 21900778/27-02-20 | 22007 |
| 7 | 21900782/27-02-20 | 21069 |
| 8 | 21900824/10-03-2020 | 19553 |
| ആകെ | | 170127 |

ലോഗ്ബുക്കിന്റെ അഭാവത്തിൽ 1,70,127 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ലോഗ് ബുക്ക് ഹാജരാക്കി തടസം ഒഴിവാക്കാവുന്നതാണ്.

## 1-23 പത്ര പരസ്യം ഡിസ്കൗണ്ട് - ലഭിച്ചില്ല

04-01-2011ലെ ജി.ഒ. (ആർ.റ്റി.) 1/2011/ ഐ.& പി.ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ പത്ര പരസ്യങ്ങൾ ഐ.&പി.ആർ.ഡി. മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ്. എന്നാൽ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് താഴെ ചേർക്കും പ്രകാരമുള്ള വൗച്ചർ/ബിൽ പ്രകാരം ചെലവഴിച്ച പത്ര പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് അനുവദിച്ചതായി ഇൻവോയിസിൽ ചേർത്തു കാണുന്നില്ല. ചെലവ് നടത്തിയ ഉദ്യോഗസ്ഥൻ, മറ്റ് വിശദാംശങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

1) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

| | |
|---|---|
| വൗച്ചർ നമ്പർ | 21900319 തീയ്യതി-16-09-2019 നോൺപ്ലാൻ |
| ചെലവ് | 9240 |
| ഇൻവോയിസ് നമ്പർ ,തീയ്യതി | 321000136814/02-02-2019, മാതൃഭൂമി, കോഴിക്കോട് |

2) മെഡിക്കൽ ഓഫീസർ,സി.എച്ച്.സി,മയ്യിൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0191 |
| പ്രോജക്ടിന്റെ പേര് | മയ്യിൽ സി.എച്ച്.സിയിലെ മെഡിക്കൽ സ്റ്റോർ, ലാബ്, ഫാർമസി, ഡെന്റൽ എമർജൻസി ഹാൾ എന്നിവ എ.സി.വൽക്കരണം |
| അടങ്കൽ | 442000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | 33773 |
| ടെണ്ടർ പരസ്യ ചെലവ് | 7728 |
| ബിൽ നമ്പർ, തീയ്യതി | 43/19-20 /20-02-2020 |
| ഇൻവോയിസ് നമ്പർ , തീയ്യതി | KNR/2019//7103 തീയ്യതി-14-12-2019, ദേശാഭിമാനി പബ്ലിക്കേഷൻസ് കണ്ണൂർ |

ഈ വിഷയം പത്ര സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തുകയും ഡിസ്കൗണ്ട് തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-24 വിനിയോഗിക്കാത്ത തുക തിരിച്ചടയ്ക്കേണ്ടതാണ്.

2019-20 വർഷം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മയ്യിൽ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "സാന്ത്വന പരിചരണം വിഹിതം നൽകൽ" എന്ന പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് 1,50,000 രൂപ കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്തിന് കൈമാറിയിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 46/20 |
| അടങ്കൽ | 150,000 വികസന ഫണ്ട് |
| ചെലവഴിച്ച തുക | 1,50,000 |
| ബിൽ നമ്പർ, തീയ്യതി | 16/19-20/30-09-2019 |

എന്നാൽ വിനിയോഗ സാക്ഷ്യ പത്ര പ്രകാരം 102170 രൂപ മാത്രമെ പദ്ധതിക്കുവേണ്ടി വിനിയോഗിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന 47830 രൂപ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 07.03.2022,08.03.2022 | കെ.എസ്.എ./കെ.എൻ.ആർ./സി.4/490/2022 തീയതി: 27.05.2022 |

### 4-2 . സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1. | എരുവേശ്ശി ഗ്രാ.പ | 40500 | പി.എം.എ.വൈ ഭവനനിർമ്മാണം | 40500 | 0 |
| 2. | മയ്യിൽ ഗ്രാ.പ | 175000 | പി.എം.എ.വൈ ഭവനനിർമ്മാണം | 175000 | 0 |
| 3. | ഇരിക്കൂർ ഗ്രാ.പ | 50000 | പി.എം.എ.വൈ ഭവനനിർമ്മാണം | 50000 | 0 |
| | | | | | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ,വായ്പ് തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്,ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ഓഡിറ്റ് വർഷം കൈപ്പറ്റിയ വായ്പ | ഓഡിറ്റ് വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഐ എ വൈ ഭവന നിർമ്മാണം | GO(Ms) 90/2013 Lsgd ,Dtd 14-03-13 | 4299985 | 1284642/- | .. | 759746 | 524896 |

2018-19 വർഷം വാർഷിക ധനകാര്യ പത്രിക പ്രകാരം വായ്പയിനത്തിൽ തൻവർഷം തിരിച്ചടവില്ല. മുൻ വർഷാന്ത്യത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള 675208/- രൂപ തന്നെ ഈ വർഷാന്ത്യത്തിലും വാർഷിക ധനകാര്യ പത്രിക പ്രകാരം തിരിച്ചടക്കാൻ ബാക്കിയുണ്ട് (ബി.5). ഓഡിറ്റ് അന്വേഷണത്തിന് (1/20.01.2020 ,2018-19 ഓഡിറ്റ് വേളയിൽ) സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം 1284642/- രൂപ തിരിച്ചടക്കുവാൻ ബാക്കിയുള്ളതായി അറിയിച്ചിട്ടുണ്ട്.ആ സമയത്ത് വായ്പ സംബന്ധിച്ച രജിസ്റ്ററോ, അനുബന്ധ രേഖകളോ അപൂർണ്ണമായതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റ വായ്പ ഇനത്തിൽ 2019-20വർഷത്തിൽ താഴെ കൊടുത്ത പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

| ക്രമനം | വർഷം | ബാങ്കിന്റെ പേര് | മുതൽ തിരിച്ചടച്ചത് | പലിശ തിരിച്ചടച്ചത് | ആകെ |
|---|---|---|---|---|---|
| | 2019-20 | മലപ്പട്ടം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 559746 | 360254 | 920000 |
| | | പയ്യാവൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 200000 | 252875 | 452878 |
| ആകെ | | | 759746 | 613129 | 1372878 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ചുള്ള വിവരം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

പഞ്ചായത്ത് ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 45,620 രൂപ ഈ ഇനത്തിൽ ലഭിച്ചതായി പഞ്ചായത്ത് അറിയിച്ചുവെങ്കിലും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-2000 | 43 | 2002-03 | 1 | അനർഹമായി ആനുകൂല്യം നൽകി |
| 1999-2000 | 47 | 2002-03 | 2 | അധിക തുക നഷ്ടം |
| 1999-2000 | 49 | 2002-03 | 3 | ടാർ വില ഈടാക്കിയില്ല |
| 1999-2000 | 52 | 2002-03 | 4 | നബാർഡ് പ്ലാൻഫണ്ട് |
| 1999-2000 | 59(എ) | 2002-03 | 5 | തൊഴിലുറപ്പ് പദ്ധതി |

## 4-9 ചാർജ് / സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകൾ സംബന്ധിച്ചുള്ള വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67437193 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 1001580073 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2953774 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 30,000 | ശ്രീ.മുജീബ് റഹ്മാൻ, സീനിയർ വെറ്ററനറി സർജൻ |
| ടി | 1,39,416 | ശ്രീ.അനിൽ വർക്കി, |

| | | |
|---|---|---|
| | | സീനിയർ വെറ്ററനറി സർജൻ |
| 1-12 | 17,83,045 | ശ്രീ; സുനിൽ കുമാർ കെ.എം., സെക്രട്ടറി |
| 1-21 | 783276 | പി.വി. അനിൽകുമാർ, അസിസ്റ്റന്റ് എൻജിനീയർ |
| 1-22 | 47910 | ഡോ. കാർത്ത്യായനി പി.കെ , മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. |
| 1-23 | 80200 | സുനിൽകുമാർ കെ.എം., ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ടി | 89927 | മീരാ ബായ് പി.വി. സെക്രട്ടറി ഇൻ ചാർജ് |
| ആകെ | 2953774 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുനിൽ കുമാർ കെ.എം. | സെക്രട്ടറി, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | കിഴക്കെ കരമ്മേൽ, ചിറ്റാരി പറമ്പ്, കണ്ണൂർ |
| മീരാബായ് പി.വി. | ജോയിന്റ് ബി.ഡി., തളിപ്പറമ്പ | അശ്വതി, മാധവ് നഗർ, അരിയിൽ പി.ഒ., പട്ടുവം |
| ഡോ.കാർത്ത്യായനി പി.കെ. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മയ്യിൽ | കാർത്തിക, മുണ്ടയാട് പി.ഒ., എളയാവൂർ-670694 |
| പി.വി.അനിൽകുമാർ | അസിസ്റ്റന്റ് എൻജിനീയർ, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | ധ്വനി, കാഞ്ഞിരങ്ങാട്, തളിപ്പറമ്പ്-670142 |
| അനിൽ വർക്കി | സീനിയർ വെറ്ററനറി സർജൻ റിട്ടയേർഡ് | കുറ്റിക്കണ്ടത്തിൽ ,കോട്ടൂർ, ശ്രീകണ്ഠാപുരം |
| മുജീബ് റഹ്മാൻ | സീനിയർ വെറ്ററനറി സർജൻ,കോട്ടക്കാട്, | മൺകട, പള്ളിപ്രം, |

| | മലപ്പുറം | മലപ്പുറം |
|---|---|---|

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1998-99 | കെ.എസ്.എ./ കെ.എൻ.ആർ/ സി4/ 823/19 തീയ്യതി 14.08.2019 | 3 |
| 1999-2000 | കെ.എസ്.എ./ കെ.എൻ.ആർ/ സി4/ 823/19 തീയ്യതി 14.08.2019 | 6 |
| 2007-08 | കെ.എസ്.എ./ കെ.എൻ.ആർ/ സി4/ 823/19 തീയ്യതി 14.08.2019 | 2 |
| 2009-10,2010-11 | കെ.എസ്.എ./ കെ.എൻ.ആർ/ സി4/ 823/19 തീയ്യതി 14.08.2019 | 5 |
| 2011-12, 2012-13 | കെ.എസ്.എ./ കെ.എൻ.ആർ/ സി4/ 823/19 തീയ്യതി 14.08.2019 | 3 |
| 2013-14,2014-15 | കെ.എസ്.എ./ കെ.എൻ.ആർ/ സി4/ 823/19 തീയ്യതി 14.08.2019 | 1 |
| 2016-17 | കെ.എസ്.എ./ കെ.എൻ.ആർ/ സി4/ 823/19 തീയ്യതി 14.08.2019 | 5 |
| 2017-18 | കെ.എസ്.എ./ കെ.എൻ.ആർ/ സി4/ 1899/18 തീയ്യതി 06-02-2018 | 23 |
| 2018-19 | കെ.എസ്.എ./ കെ.എൻ.ആർ/ സി4/ 146/20(1) തീയ്യതി 28-10-2020 | 22 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## RECEIPT & PAYMENT STATEMENT

| | | | |
|---|---|---|---|
| Irikkur Block Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 52340853.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 10250.00 |
| 140000000 | Fees & User Charges | RP-4 | 86029.00 |
| 150000000 | Sale & Hire Charges | RP-5 | 149787.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 59413077.00 |
| 171000000 | Interest Earned | RP-9 | 5691.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6304037.00 |
| 350000000 | Other Liabilities | RP-36 | 120542.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 3954.00 |
| 340000000 | Deposits Received | RP-34 | 179738.00 |
| 350000000 | Other Liabilities | RP-36 | 105382.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 127306.00 |
| 460000000 | Loans, Advances and Deposits | RP-47 | 931400.00 |

| | | | |
|---|---|---|---|
| | Grand total | | 119778046.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3746515.00 |
| 220000000 | Administrative Expenses | RP-12 | 1499613.00 |
| 230000000 | Operations & Maintenance | RP-13 | 620648.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7045074.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 49297149.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3631687.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 915623.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 38181.00 |
| 255000000 | Maintenance Projects | RP-20 | 2553462.00 |
| 280000000 | Prior Period item | RP-26 | -47987.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 39451.00 |
| 350000000 | Other Liabilities | RP-36 | 9221645.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 268.00 |
| 330000000 | Secured Loans | RP-32 | 1372878.00 |
| 340000000 | Deposits Received | RP-34 | 335134.00 |
| 350000000 | Other Liabilities | RP-36 | 465281.00 |
| 410000000 | Fixed Assets | RP-38 | 5528710.00 |
| 412000000 | Capital work in Progress | RP-40 | 12790535.00 |
| 420000000 | Investments | RP-41 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1104206.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 19619973.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 119778046.00 |

## അനുബന്ധം 3-2

## INCOME & EXPENDITURE STATEMENT

| Irikkur Block Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 253612.00 |
| 140000000 | Fee & User Charges | I-4(b) | 86029.00 |
| 150000000 | Sale & Hire Charges | I-5(b) | 151287.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 96615571.00 |
| 171000000 | Interest Earned | I-8 | 5691.00 |
| 180000000 | Other Income | I-9 | 3954.00 |
| | Total Income | | 97116144.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3762445.00 |
| 220000000 | Administrative Expenses | I-11(b) | 1499613.00 |
| 230000000 | Operations & Maintenance | I-12(b) | 818606.00 |
| 240000000 | Interest & Finance Charges | I-13 | 1063253.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 16598767.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 49455542.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 20100946.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 915623.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 38181.00 |
| 255000000 | Maintenance Projects | I-14(e) | 2553462.00 |
| 272000000 | Depreciation | I-17(a) | 3311151.00 |
| | Total Expenditure | | 100117589.00 |
| | Gross Surplus/ Deficit of income over Expenditure | | -3001445.00 |
| 280000000 | Prior Period Item | I-18 | -46893.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -2954552.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3
## BALANCE SHEET

| Irikkur Block Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 10627040.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 75761629.00 |
| | Total Reserve & Surplus | | 86388669.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 18607871.00 |
| | Total Grants, Contributions for Specific Purposes | | 18607871.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1226756.00 |
| | Total Loans | | 1226756.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 852236.00 |
| 350000000 | Other Liabilities | B-9 | 143968.00 |
| | Total Current Liabilities and Provisions | | 996204.00 |
| | TOTAL LIABILITIES | | 107219500.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 112543712.00 |
| 411000000 | Accumulated Depreciation | B-11 | -27084854.00 |
| 412000000 | Capital Work in Progress | B-11(a) | 388126.00 |
| | Total Fixed Assets | | 85846984.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 114681.00 |
| 440000000 | Pre-paid Expenses | B-16 | 1226756.00 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 19619973.00 |
| 460000000 | Loans, Advances and Deposits | B-18 | 411106.00 |
| | Total Current Assets, Loans and Advances | | 21372516.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 107219500.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.